(സി) ഈ പൊതുമേഖലാ സ്ഥാപനത്തിൽ നാൾക്കുനാൾ ഉല്പാദന വർദ്ധനവ് ഉണ്ടാകുന്നുണ്ടോ;

(ഡി) ഉല്പാദന വർദ്ധനവിന്റെ ശതമാനകണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പൊതുമേഖലാ സ്ഥാപനം ലാഭത്തിൽ തന്നെയാണോ പ്രവർത്തിക്കുന്നത്;

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ അറ്റാദായം എത്രയാണ്;

(ജി) പ്രസ്തുത സ്ഥാപനത്തിൽ ആകെ എത്ര തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നത്;

(എച്ച്) വിശദമായ റിപ്പോർട്ട് നൽകുമോ?

ഉത്തരം

(എ) കേരള ഗവൺമെന്റ് ഏറ്റവും കൂടുതൽ തുക മൂലധന നിക്ഷേപം നടത്തിയിട്ടുള്ളത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലാണ്.

(ബി) 1998-99 ലെ കണക്കുകൾ പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ 1553 കോടി രൂപ മൂലധന നിക്ഷേപം നടത്തിയിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

(ഇ) അതെ.

(എഫ്) 1998-99 ലെ കണക്കനുസരിച്ച് ഈ സ്ഥാപനത്തിന് 38.75 കോടി രൂപയുടെ അറ്റാദായം ഉണ്ടായിട്ടുണ്ട്.

(ജി) ഈ സ്ഥാപനത്തിൽ 24216 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(എച്ച്) വിശദവിവരം ശേഖരിച്ചുവരുന്നു.

13 (2161) പരമ്പരാഗത വ്യവസായങ്ങളിൽ ഉല്പാദന തകർച്ച

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദാരവൽക്കരണനയത്തിന്റെ ഫലമായി സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ ഉല്പാദന തകർച്ച സംഭവിച്ചിട്ടുള്ളതായി അനുഭവപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) അവ പരിഹരിക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വിവിധ വികസന പദ്ധതികളുടെ ഫലമായി ഉല്പാദനരംഗത്ത് ഉണ്ടായ നേട്ടങ്ങൾ ഉദാരവൽക്കരണത്തിന്റെ ഫലമായി വരുംവർഷങ്ങളിൽ ഇല്ലാതാക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധം 1† കാണുക

(സി)&(ഡി) യും അനുബന്ധം 2†

14 (2162) വ്യവസായസ്ഥാപനങ്ങളുടെ ഷെയറുകൾ ഡിസ് ഇൻവെസ്റ്റ്മെന്റ് നടത്തുവാൻ നടപടി

ശ്രീ. ബാബു ദാവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനഗവൺമെന്റിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ ഷെയറുകൾ ഡിസ് ഇൻവെസ്റ്റ്മെന്റ് ചെയ്യാനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്. ഇതു സംബന്ധിച്ച് പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഡിസ് ഇൻവെസ്റ്റ്മെന്റ് നടത്തുവാൻ മുൻകാലങ്ങളിൽ തീരുമാനിക്കപ്പെട്ട സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വ്യവസായ സ്ഥാപനത്തെ ഡിസ് ഇൻവെസ്റ്റ്മെന്റ് ലിസ്റ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവ്യക്തികൾക്കും മറ്റും കൈമാറുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) ഡിസ് ഇൻവെസ്റ്റ്മെന്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് ലഭിച്ച അപേക്ഷകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഡിസ് ഇൻവെസ്റ്റ്മെന്റ് അനുസരിച്ച് സർക്കാരിന്റെ തീരുമാനം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)(ബി),(സി),(ഇ)&(എഫ്) സംസ്ഥാനഗവൺമെന്റിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഡിസ് ഇൻവെസ്റ്റ്ചെയ്യാൻ ഉദ്ദേശമില്ല.

15 (2163) കെ.എസ്.ഡി.പി. യുടെ സാമ്പത്തിക ബാദ്ധ്യത

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.)കടുത്ത സാമ്പത്തിക ബാദ്ധ്യതമൂലം പ്രതിസന്ധിയിലാണെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† അനുബന്ധം XI (1,2)

†† അനുബന്ധം XI (2)

LIBRARY ARCHIVES Kerala Legislative Assembly

22.	Emtex International Pvt. Ltd.	Ernakulam	267	100.00
23.	Intimate Apparels Ltd.	Ernakulam	200	68.50
24.	Lotus Spices Ltd.	Ernakulam	2000	600.00
25.	Miracles Food Processors International Ltd.	Malappuram	250	146.37
26.	Bahuleyan Charitable Foundation	Kottayam	1000	800
27.	Indo German Carbons Ltd.	Ernakulam	1520	512
28.	SDS Infotech Ltd.	Trivandrum	175	85
29.	Kadappuram Beach Resorts &Hotels Pvt. Ltd.	Thrissur	100	50
30.	Delta Finster Ltd.	Wayanad	230	115
31.	Highland Tour Operators Pvt. Ltd. (Hotel)	Kollam	190	95
	Total		12555	4072.86

അനുബന്ധം X(2)

13-3-2000ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 11(2159) ന്റെ ഉത്തരം കാണുക

List of Projects with Foreign Investment

Sl. No.	*Name of Company*	*Location/ District*	*Cost of project (Rs. Lakhs)*	*Foreign Investment (Rs. lakhs)*	*Foreign Country*
1.	Covema Filaments Ltd.	Ernakulam	775	183	Italy
2.	Rubfila International Ltd	Palakkad	3722	871	Malaysia
3.	Chaya Industries Ltd.	Palakkad	1350	355	Singapore
4.	Torroid India Pvt. Ltd.	Trivandrum	750	450	Hongkong
5.	Rubfila International Ltd. (Exp.)	Palakkad	2040	163	Malaysia
	Total		8637	2022	

അനുബന്ധം - XI(1)

13-3-2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 13 (2161)-ന്റെ ഉത്തരം കാണുക

ചോദ്യം (ബി) യുടെ അനുബന്ധം

കയർ : സാർക്ക് രാജ്യങ്ങളിൽനിന്നും നിയന്ത്രണം കൂടാതെ കയർ, കയറുല്പന്നങ്ങൾ ഇറക്കുമതി ചെയ്യുവാൻ അനുവാദം നൽകുന്ന കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണിയെ പ്രതികൂലമായി ബാധിക്കും. കയറുല്പന്നങ്ങളുടെ കയറ്റുമതി രംഗത്ത് വർഷങ്ങളായി നിലനിർത്തിപ്പോന്നിരുന്ന മിനിമം എക്സ്പോർട്ട് പ്രൈസ് ഘട്ടംഘട്ടമായി നീക്കം ചെയ്യുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചതും ആഗോളവൽക്കരണത്തിന്റെ ഭാഗമായാണ്. ഈ തീരുമാനം വിദേശവിപണിയിൽ കടന്നു മത്സരം സൃഷ്ടിക്കുന്നതിനും അത് കേരളത്തിലെ കയർതൊഴിലാളികളെ സംരക്ഷിക്കുന്നതിന് നിലനിർത്തിയിട്ടുള്ള പർച്ചേസ്

LIBRARY ARCHIVES Kerala Legislative Assembly

പ്രൈസ് എൻഹോഴ്സ്മെന്റ് സ്കീമിനെ ഇല്ലായ്മചെയ്യുന്നതിനും ഇടയാക്കും. റിബേറ്റ് സ്കീമിന് പകരം എം.ഡി.എ. (മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസ്) ഏർപ്പെടുത്താൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. ഇതും കയർ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്.

കൈത്തറി :

ഉദാരവൽക്കരണത്തിന്റെ ഭാഗമായി വിദേശങ്ങളിൽ അത്യാധുനിക യന്ത്രങ്ങളിൽ അത്യാകർഷകമായ ഡിസൈനിലും കുറഞ്ഞ ഉല്പാദന ചെലവിലും നിർമ്മിച്ച ഉല്പന്നങ്ങൾ നമ്മുടെ കമ്പോളങ്ങളിലിറങ്ങുന്ന ഉല്പന്നങ്ങളുമായി മത്സരിക്കുമ്പോൾ നമ്മുടെ ഉല്പന്നങ്ങളുടെ വിപണന തകർച്ചയ്ക്ക് കാരണമാകാവുന്നതാണ്. ഇത് ഈ വ്യവസായത്തിൽ ഉല്പാദനം കുറയുന്നതിനും അല്പ വരുമാനക്കാരായ തൊഴിലാളികളുടെ തൊഴിലവസരം ഇല്ലാതാക്കുന്നതിനും കാരണമാക്കും.

ഈറ്റ, പനമ്പ് : ആഗോളവൽക്കരണം ഈറ്റ-പനമ്പു വ്യവസായത്തെ ബാധിച്ചിട്ടില്ല.

കരകൗശലം

ഉദാരവൽക്കരണ നയംമൂലം കരകൗശല ഉല്പന്നങ്ങൾ വിദേശ കമ്പോളങ്ങളിലേക്ക് കയറ്റുമതി ചെയ്യാൻ സാധിക്കുന്നുണ്ടെങ്കിലും ഓട്, കരകൗശലം തുടങ്ങിയ പരമ്പരാഗത മേഖലയിൽ ഉല്പാദനതകർച്ചയുണ്ട്.

കശുവണ്ടി :

ആഗോളവൽക്കരണം കശുവണ്ടിയുടെ ഇറക്കുമതി എളുപ്പമായെങ്കിലും ഈ മേഖലയും ഉദാരവൽക്കരണത്തിന്റെ ഫലമായിട്ടുള്ള പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

അനുബന്ധം XI (2)

13-3-2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 13(2161)-ന്റെ ഉത്തരം കാണുക

കയർ വ്യവസായം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി യന്ത്രവൽകൃത റാട്ടുകളും യന്ത്രവൽകൃത ചകിരി നിർമ്മാണ മില്ലുകളും സംസ്ഥാനത്ത് സഹകരണ മേഖലയിൽ നടപ്പാക്കിവരുന്നു. ഇതിനകം 125 കയർപിരി യൂണിറ്റുകളും 58 ചകിരി മില്ലുകളും സ്ഥാപിക്കുവാൻ ധനസഹായം നൽകിക്കഴിഞ്ഞു. യന്ത്രവൽകൃത തറികൾ സ്ഥാപിച്ച് വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കാൻ ധനസഹായം നൽകുന്ന പദ്ധതികളും സർക്കാർ നടപ്പാക്കിവരുന്നു.

കൈത്തറി

ആധുനിക ഡിസൈനുകൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടുകൂടി തറികളിൽ വരുത്തുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ പൂർത്തിയായി ഹാൻഡ്ലൂം ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ (കണ്ണൂർ) ആകർഷണീയമായ അതിനൂതന ഡിസൈനുകൾ ആവിഷ്കരിക്കുന്നതിനുള്ള ഗവേഷണ ഫലം പ്രവർത്തിപഥത്തിലെത്തിക്കാൻ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഉൽപ്പന്ന വൈവിധ്യവൽക്കരണം ലക്ഷ്യമാക്കി സിൽക്ക്, പോളിസ്റ്റർ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ പ്രോത്സാഹനം നൽകിവരുന്നു. കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പ്രോജക്ട് പാക്കേജ് പദ്ധതി പ്രകാരം വികസന പ്രക്രിയ നടപ്പിലാക്കുന്ന സംഘങ്ങളിൽ കയറ്റുമതി പ്രാധാന്യമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് പ്രോത്സാഹനം നൽകിവരുന്നു. ഉല്പന്നങ്ങൾക്ക് വിദേശവിപണി ലഭ്യമാക്കുന്നതിന് വിദേശങ്ങളിൽ വിശേഷ വില്പന പ്രദർശനങ്ങളിലും വ്യാപാര മേളകളിലും സംസ്ഥാനത്തിന്റെ പ്രതിനിധികൾ പങ്കെടുക്കുന്നതിനും ഓർഡറുകൾ ലഭ്യമാകുന്നതിനും സാധിക്കുന്നു. വിദേശങ്ങളിൽ വില്പനശാലകൾ സ്ഥാപിച്ച് വിപണനം വിപുലീകരിക്കുന്ന കാര്യവും പരിഗണിച്ചുവരുന്നു.

ഈറ്റ-പനമ്പ്

ഈറ്റയെ അടിസ്ഥാനമാക്കി കൂടുതൽ നവീകരണ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾനിലവിലുണ്ട്. യന്ത്രസഹായത്തോടെ ഈറ്റയിൽ നിന്നും തളികൾ വേർപ്പെടുത്തി പനമ്പ് നെയ്ത്ത് കൂടുതൽ സുതാര്യമാക്കുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു.

കരകൗശലം

കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് ലഘുയന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഒരു നിർമ്മാണ പ്രക്രിയയ്ക്ക് രൂപം നൽകുകയും അതിനോടനുബന്ധിച്ച് കോമൺഫെസിലിറ്റി സർവീസ് സെന്ററിന്റെ നവീകരണവും ആരംഭിച്ചുകഴിഞ്ഞു. അതോടൊപ്പം യു.എൻ.ഡി.പി. സ്കീം പ്രകാരം ഒരു തടി സംരക്ഷണശാലയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിവരുന്നു. 'കെൽപാമിൽ' "പാംലഹർ" എന്നശീതളപാനീയ നിർമ്മാണ പ്ലാന്റിൽ ആട്ടോമാറ്റിക് മെഷീനറികൾ ഉപയോഗിച്ചുവരുന്നു.

കശുവണ്ടി

ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേരള കശുവണ്ടി വികസന കോർപ്പറേഷനിൽ തോട്ടണ്ടി പ്രോസസ്സ് ചെയ്യുന്നതിനുവേണ്ടി പരമ്പരാഗതമായി തുടരുന്ന വറുപ്പുതല്ലലിനു പകരം കട്ടിംഗ് മെഷീൻ ഉപയോഗിച്ച് പരിപ്പ് വേർപെടുത്തുന്ന സമ്പ്രദായം തുടങ്ങുകയും പരമ്പരാഗതമായ തട്ട്ബോർമ്മയ്ക്ക് പകരം ഇലക്ട്രിക് ബോർമ്മ ഉപയോഗിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന പ്രക്രിയ ആരംഭിക്കുകയും ആധുനിക രീതിയിലുള്ള വാക്വം പാക്കിംഗ് മെഷീൻ ഉപയോഗിച്ച് മൾട്ടിലെയർ പോളിത്തീൻ ബാഗിൽ പരിപ്പ് കയറ്റി അയയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

അനുബന്ധം XII (1)

13-3-2000 ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 23(2171) ന്റെ ഉത്തരം കാണുക)

ഫോർമുലേഷൻ ഡിവിഷൻ

ക്രമ നം	ഉത്തരം ഇനം	യൂണിറ്റ്	സ്ഥാപിത ശേഷി	ഉല്പാദനം (96-97)	%	ഉല്പാദനം (97-98)	%	ഉല്പാദനം (98-99)	%	ഉല്പാദനം (99-2000 ഫെബ്രു. വരെ)	%
1.	ഗുളികകൾ	ലക്ഷം	251.4	1989.89	79.15	4102.83	163.20	2080.04	82.74	1053.88	4192
2.	ഗ്രാനുൾസ്	കി.ഗ്രാം	20000	ഇല്ല	-	-	-	-	-	-	-
3.	പൗഡർ പാക്കറ്റ്		ഇല്ല	430376	-	455670		287645	-	320840	-
4.	കാപ്സ്യൂ										

LIBRARY ARCHIVES Kerala Legislative Assembly